(8) സ്കൂൾ അടച്ചുപൂട്ടൽ

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സർ, ഞാൻ ഇവിടെ അവതരിപ്പിക്കുന്ന കാര്യം വളരെ സങ്കടകരമായ ഒന്നാണ്. അതുമാത്രമല്ല മിക്കവാറും എല്ലാ എം.എൽ.എ.-മാരും അവരുടെ മണ്ഡലങ്ങളിൽ ഇല്ലാത്ത വികസന പ്രവർത്തനങ്ങൾ വേണമെന്ന് പറഞ്ഞാണ് സബ്മിഷൻ അവതരിപ്പിക്കുന്നത്. ഞാൻ അതിന് വിപരീതമായാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. മലപ്പുറം ജില്ലയിലെ എന്റെ മണ്ഡലത്തിൽപ്പെട്ട കൊണ്ടോട്ടി വിദ്യാഭ്യാസ ഉപജില്ലയിലെ മങ്ങാട്ടുമുറി എ.എം.എൽ.പി. സ്കൂൾ, മാനേജർ അടച്ചുപൂട്ടുന്നതുമായി ബന്ധപ്പെട്ടാണ് എന്റെ സബ്മിഷൻ. 85 വർഷം പഴക്കമുള്ളതും നല്ല നിലയിൽ നടന്നുവരുന്നതുമായ ഈ സ്കൂൾ ഭൂമി വിറ്റ് പണം നേടുകയെന്ന ഉദ്ദേശ്യത്തോടെയാണ് അടച്ചുപൂട്ടുന്നതിന് കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ വകുപ്പ് ഉപയോഗിച്ച് മാനേജർ നോട്ടീസ് നൽകിയത്. 2009 ഏപ്രിൽ 16-ന് മാനേജർ നോട്ടീസ് നൽകുകയും 2010 മേയ് മാസം സ്കൂൾ പൂട്ടുകയും ചെയ്തു. രക്ഷിതാക്കളും നാട്ടുകാരും ജനപ്രതിനിധികളും ഇടപെട്ടതിനെത്തുടർന്ന് ഡി.പി.ഐ. ഉത്തരവ് പ്രകാരം ജൂൺ മുതൽ സ്കൂൾ പ്രവർത്തിച്ചുവരികയായിരുന്നു. ഇതിനെതിരെ മാനേജർ ഹൈക്കോടതിയെ സമീപിച്ച് അനുകൂലവിധി നേടിയെടുത്തു. തുടർന്ന് സർക്കാർ അപ്പീൽ പോവുകയും ഹൈക്കോടി ഹൾബെഞ്ചും മാനേജർക്ക് അനുകൂലമായി വിധിച്ചതോടെ അടുത്ത ജൂണിൽ സ്കൂൾ പ്രവർത്തിക്കാൻ കഴിയാത്ത അവസ്ഥയാണിപ്പോഴുള്ളത്. ഈ ഗ്രാമത്തിലെ ഏക സ്കൂളാണിത്. ഈ വിധി ഒരു സ്കൂളിനെ മാത്രം ബാധിക്കുന്നതല്ല. നഗരങ്ങളിലും ഗ്രാമങ്ങളിലുമുള്ള എല്ലാ എയ്ഡഡ് സ്കൂളുകളിലെയും മാനേജർമാർ ഭൂമിയിൽ കണ്ണുവച്ചുകൊണ്ട് അടച്ചുപൂട്ടുന്നതിന് നോട്ടീസ് നൽകും. അതുകൊണ്ട് മങ്ങാട്ടുമുറി എ.എം.എൽ.പി. സ്കൂൾ അടച്ചുപൂട്ടുന്നതിന് മാനേജർ നേടിയിട്ടുള്ള വിധിക്കെതിരെ സുപ്രീം കോടതിയിൽ അപ്പീൽ പോകണമെന്നും സ്കൂൾ സർക്കാർ ഏറ്റെടുക്കണമെന്നും അല്ലെങ്കിൽ വിദ്യാഭ്യാസ ചട്ടത്തിൽ മാനേജർക്കുള്ള ഈ അധികാരം എടുത്തുകളയുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി സബ്ജില്ലയിൽപ്പെടുന്ന പുളിക്കൽ ഗ്രാമപഞ്ചായത്തിലെ മൂന്നാം വാർഡിലെ വിദ്യാലയമാണ് മങ്ങാട്ടുമുറി എ.എം.എൽ.പി. സ്കൂൾ. ഈ വിദ്യാലയത്തിൽ ഒന്നു മുതൽ നാലുവരെയുള്ള ക്ലാസ്സുകളിലായി 83 വിദ്യാർത്ഥികളും അഞ്ച് അദ്ധ്യാപകരുമാണുള്ളത്. 1995 ഡിസംബറിൽ മാനേജരായിരുന്ന ശ്രീ. കെ. സി. മോനുദ്ദീൻ ഹാജി മരണപ്പെടുകയും പിന്നീട് അല്പകാലം പരേതന്റെ ഭാര്യ

LIBRARY ARCHIVES Kerala Legislative Assembly

ഉമ്മാച്ചിക്കുട്ടി ഹജ്ജുമ താല്ക്കാലികമായി മാനേജരായി തുടരുകയുംചെയ്തു. പിന്നീട് ഈ വിദ്യാലയം പി. പി. മൂനീറ എന്നയാളിന് വിൽക്കുകയും ചെയ്തു. ഇപ്പോൾ ഇവരുടെ മാനേജ്മെന്റിലാണ് ഈ വിദ്യാലയം പ്രവർത്തിച്ചുവരുന്നത്. 2009 ഏപ്രിൽ 16-ന് സ്കൂൾ അടച്ചുപൂട്ടാൻ ഡി.പി.ഐ.-ക്ക് ക്ലോഷർ നോട്ടീസ് നൽകുകയും 2010- മേയ് 20-ന് മങ്ങാട്ടുമുറി എ.എം.എൽ.പി. സ്കൂൾ അടച്ചുപൂട്ടിയതായി പ്രഖ്യാപിക്കുകയും ചെയ്തു. തുടർന്ന് ഡി.പി.ഐ.-യുടെ നിർദ്ദേശപ്രകാരം 2010 ജൂൺ മുതൽ സ്കൂൾ പ്രവർത്തിച്ചുവരുന്നു. അതിനുശേഷം മാനേജ്മെന്റ് ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ നൽകുകയും 2011 ഏപ്രിൽ 12-ന് ഹൈക്കോടതി സിംഗിൾ ബഞ്ചിന്റെ ഇടക്കാല വിധി പ്രകാരം സ്കൂൾ അടച്ചുപൂട്ടാൻ ഉത്തരവിട്ടു. തുടർന്ന് 2011 മേയ് 31-ന് പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിലും മങ്ങാട്ടുമുറി സ്കൂൾ മാനേജരുടെ നിലപാടിനാണ് മുൻഗണന ലഭിച്ചത്. പ്രസ്തുത ഹൈക്കോടതി വിധിയിൽ സർക്കാർ നിലപാട് അറിയിക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ചുവടെ ചേർക്കുന്ന തീരുമാനങ്ങൾ ബഹുമാനപ്പെട്ട ഹൈക്കോടതിയെ അറിയിച്ചിരുന്നു.

1. കേരള വിദ്യാഭ്യാസ നിയമം സെക്ഷൻ 14 പ്രകാരം രണ്ട് വർഷത്തേക്ക് സ്കൂൾ സർക്കാർ ഏറ്റെടുക്കുക.

2. മേൽ സൂചിപ്പിച്ച കാലാവധിക്കുശേഷവും സ്കൂൾ തുടർന്ന് നടത്താൻ മാനേജർ തയ്യാറാകുന്നില്ലെങ്കിൽ കേരള വിദ്യാഭ്യാസ നിയമം സെക്ഷൻ 15 പ്രകാരം സ്കൂൾ സ്ഥിരമായി സർക്കാർ ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

3. കേരള വിദ്യാഭ്യാസ ചട്ടം സെക്ഷൻ 7 (6) പ്രകാരം സ്കൂൾ അടച്ചുപൂട്ടാൻ മാനേജർക്ക് അധികാരമുണ്ടെന്നും ഇത് നിഷേധിക്കാൻ സർക്കാരിന് കഴിയില്ലെന്നുമാണ് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ കണ്ടെത്തൽ. ഇതോടൊപ്പം സ്കൂൾ സർക്കാർ ഏറ്റെടുക്കണമെന്ന പ്രദേശവാസികളുടെ ആവശ്യം അംഗീകരിച്ചാൽ ഭാരിച്ച തുക നൽകേണ്ടിവരുമെന്നും ഇത് ആശാസ്യമാണോയെന്ന് സർക്കാർ പരിശോധിക്കണമെന്നുമാണ് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിലുള്ളത്. ഹൈക്കോടതി വിധിക്കെതിരെ സുപ്രീംകോടതിയിൽ അപ്പീൽ പോകുന്ന കാര്യവും ലാഭകരമല്ലാത്ത സ്കൂളുകൾ അടച്ചുപൂട്ടുന്നതിന് മാനേജർമാർക്ക് അധികാരം നൽകുന്ന കെ.ഇ.ആർ. (Kerala Education Rules)-ലെ ബന്ധപ്പെട്ട വകുപ്പ് ഭേദഗതി ചെയ്യുന്ന കാര്യവും ഹൈക്കോടതി വിധിയുടെ പകർപ്പ് ലഭിച്ചശേഷം സർക്കാർ പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly